8403
10/08/16.

**അടിയന്തിരം**

# കേരള സർക്കാർ

നം.111/എഫ്.എം2/2016/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്
തിരുവനന്തപുരം, തീയതി: 29.07.2016

പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ/ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻ, കേരള സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതക്കാട്, തിരുവനന്തപുരം
സെക്രട്ടറി, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻ, കേരള സ്റ്റേറ്റ് മുനിസിപ്പൽ ഹൗസ്, വഴുതക്കാട്, തിരുവനന്തപുരം
ജനറൽ സെക്രട്ടറി/പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, പഞ്ചായത്ത് ഭവൻ, വെള്ളയമ്പലം
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം/നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സർ,

വിഷയം:- തസ്വഭവ — ഗ്രാമപ്രദേശങ്ങളുടെ ODF പ്രഖ്യാപനം - ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി വിളിച്ചുചേർത്ത 12.07.2016 ലെ യോഗത്തിന്റെ നടപടിക്കുറിപ്പ് - തുടർനടപടികൾക്കായി അയയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 28.06.2016 ലെ 111/എഫ് എം2/2016/തസ്വഭവ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 12.07.2016 ന് ഉച്ചയ്ക്കുശേഷം 3 മണിക്ക് ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് അനന്തര നടപടികൾക്കായി ഇതു സഹിതം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
ഷൈജ. ആർ
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്ക് വേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

12.07.2016 ന് ഉച്ചയ്ക്കുശേഷം 3 മണിക്ക് ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

(ഹാജരായവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

യോഗം കൃത്യം 3.30 ന് ആരംഭിച്ചു. ആമുഖമായി ബഹു. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രി യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്യുകയും തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയത്തെ സംബന്ധിച്ച് വിശദീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയുമായിട്ടുള്ള സന്ദർശനത്തിൽ 2016 നവംബർ ഒന്നിന് മുമ്പായി കേരളത്തിലെ ഗ്രാമീണ മേഖലയിലെ എല്ലാ പഞ്ചായത്തുകളിലെയും ഓരോ കുടുംബത്തിനും ടോയിലെറ്റ് നിർബന്ധമായും നിർമ്മിച്ചു നൽകണമെന്ന് ബഹു. പ്രധാനമന്ത്രി നിർദ്ദേശിക്കുകയും ബഹു. മുഖ്യമന്ത്രി ഉറപ്പ് നൽകുകയും ചെയ്തു. കേരളത്തെ സമ്പൂർണ്ണ ടോയ് ലെറ്റ് സംസ്ഥാനമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച വിശദമായ വിവരണം പ്രിൻസിപ്പൽ സെക്രട്ടറി അവതരിപ്പിച്ചു. കേരള സംസ്ഥാന രൂപീകരണത്തിന്റെ 60-ാമത് വാർഷികദിനമായ 2016 നവംബർ 1 കേരളത്തിലെ ഗ്രാമീണമേഖലയിലെ ഗ്രാമപഞ്ചായത്തുകൾ സമ്പൂർണ്ണ Open Defecation Free (ODF) ആയി പ്രഖ്യാപിക്കുക എന്ന ലക്ഷ്യത്തോടെ സമയബന്ധിതമായി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി യോഗത്തിൽ തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. കേരളത്തിലെ നഗര സഭകളുടെ ODF പ്രഖ്യാപനം 2017 മാർച്ച് 31 നകം നടത്തുന്നതിനുള്ള കർമ്മപരിപാടികൾക്കും രൂപം നൽകേണ്ടതുണ്ട്.

യോഗത്തിൽ സന്നിഹിതനായിരുന്ന പഞ്ചായത്ത്/മുനിസിപ്പൽ അസോസിയേഷൻ ഭാരവാഹികൾ ഇക്കാര്യത്തിലുള്ള അവരുടെ അഭിപ്രായം രേഖപ്പെടുത്തി. ഗ്രാമപഞ്ചായത്തു പ്രദേശങ്ങളിൽ ഏകദേശം 2 ലക്ഷത്തോളം ടോയ് ലെറ്റുകളാണ് നിർമ്മിക്കാനുള്ളതെന്ന് ശുചിത്വമിഷന്റെ പ്രതിനിധി കണക്ക് അവതരിപ്പിച്ചു. എന്നാൽ 3,91,200 ടോയ് ലെറ്റുകൾ ആവശ്യമാണെന്ന് കണക്കുകളും യോഗത്തിൽ അവതരിപ്പിച്ചു. കേന്ദ്രഫണ്ട് ലഭിക്കുന്നതിനുള്ള കാലതാമസം ഉണ്ടാകാനിടയുള്ളതിനാൽ ടോയ് ലെറ്റിനുള്ള ധനസഹായത്തിനുള്ള കേന്ദ്രവിഹിതംകൂടി ഗ്രാമപഞ്ചായത്ത് കണ്ടെത്തേണ്ടതാണെന്നും അതോടൊപ്പം ഇക്കാര്യത്തിൽ സഹകരിക്കാൻ തയ്യാറുള്ള സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും ശ്രമിക്കേണ്ടതാണ്. സ്പോൺസർഷിപ്പിലൂടെയും ടോയ് ലെറ്റ് നിർമ്മാണം നടപ്പിലാക്കാൻ സംഘടനകൾ/ കമ്പനികൾ എന്നിവരെ സമീപിക്കാവുന്നതുമാണ്.

സംസ്ഥാനത്ത് 33 ഗ്രാമപഞ്ചായത്തുകളും രണ്ടു നഗരസഭകളും ODF ആയി സ്വയം പ്രഖ്യാപനം നടത്തിയിട്ടുള്ളതായും എന്നാൽ ഒരു മൂന്നാം കക്ഷിയുടെ പരിശോധനയ്ക്കുശേഷം മാത്രമേ ODF പ്രഖ്യാപിതം ആധികാരികമാകുകയുള്ളൂ എന്നും പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തിൽ അറിയിച്ചു

ODF പ്രഖ്യാപനത്തിന്റെ ഭാഗമായിട്ടുള്ള ടോയ് ലെറ്റ് നിർമ്മാണത്തിന് പ്ലാൻഫണ്ട് മുൻകൂട്ടി ചെലവഴിക്കുവാനും കേന്ദ്ര ഫണ്ടു ലഭിക്കുന്ന മുറയ്ക്ക് ഇത് റീഇംബേഴ്സ്മെന്റ് ചെയ്യണമെന്നും യോഗം തീരുമാനിച്ചു.

കേന്ദ്രവിഹിതമായ 7200/- രൂപ ഗ്രാമപഞ്ചായത്തുകൾ പ്ലാൻഫണ്ടിൽ നിന്നും അഡ്വാൻസ് ആയി വകയിരുത്താവുന്നതാണ്. കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശപ്രകാരം ODF പ്രഖ്യാപനം നിശ്ചിത സമയത്ത് നടത്തിയാൽ ഒരു പെർഫോമിംഗ് ഗവണ്മെന്റ് എന്ന നിലയിൽ കൂടുതൽ ഫണ്ട് ഹൗസിംഗ്, റോഡ് മേഖലകളിൽ സംസ്ഥാനത്തിന് നേടാൻ കഴിയുമെന്നും പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തിൽ അറിയിച്ചു

പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ടോയ് ലെറ്റ് നിർമ്മിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു. എന്നാൽ 1996 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് കൈവശാവകാശ രേഖ ലഭിക്കുന്നതാണെന്നും ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് ആവശ്യമില്ലായെന്നും യോഗം വിലയിരുത്തി.

ടോയ് ലെറ്റ് ഇല്ലാത്തവരുടെ എണ്ണം ശുചിത്വമിഷന്റെ കണക്കിനെക്കാൾ കൂടുതലാണെന്ന് അസോസിയേഷൻ യോഗത്തെ അറിയിച്ചു. എന്നാൽ ശുചിത്വമിഷൻ അതാത് ജില്ലാകളക്ടറുടെ മേൽനോട്ടത്തിൽ വീണ്ടും വെരിഫിക്കേഷൻ നടത്തിയതായും ടോയ് ലെറ്റിന്റെ ആവശ്യം 2 ലക്ഷത്തിൽ താഴെ മാത്രമാണെന്നും കണ്ടെത്തിയതായും യോഗത്തിൽ ശുചിത്വമിഷൻ ഡയറക്ടർ അറിയിച്ചു ഇപ്പോഴത്തെ ആവശ്യം എത്രയാണെന്ന് അറിയുവാൻ സെക്രട്ടറിമാരുടെയും പ്രസിഡന്റുമാരുടെയും മീറ്റിംഗ് വിളിച്ചു ചേർക്കുകയും പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം മോണിറ്റർ ചെയ്യുകയും വേണം. എന്തായാലും ഇക്കാര്യത്തിൽ ഫിസിക്കൽ വെരിഫിക്കേഷൻ വേണമെങ്കിൽ നടത്താൻ ബഹു. മന്ത്രി നിർദ്ദേശിച്ചു. പൊതുസ്ഥലങ്ങളിലും കൂടുതൽ ആളുകൾ ഒത്തുചേരുന്ന സ്ഥലങ്ങളിലും കമ്മ്യൂണിറ്റി ടോയ് ലെറ്റുകൾ വേണ്ടിവരും.

തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് ടോയ് ലെറ്റ് നിർമ്മാണത്തിന് 10,000/- രൂപ ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും എസ്.സി/എസ്.ടി വകുപ്പുകളിൽ നിന്നും ഇപ്രകാരമുള്ള തുക വാങ്ങിയെടുക്കാവുന്നതാണെന്നും പൊതുവിഭാഗത്തിന് അധികഫണ്ട് സന്നദ്ധ

സംഘടനകളിൽ നിന്നും സ്വരൂപിക്കുന്നതിനുള്ള ശ്രമം നടത്തണമെന്നും യോഗത്തിൽ അഭിപ്രായം വന്നു.

2016 നവംബർ 1 കേരളപ്പിറവി ദിനത്തിൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളെ (ഗ്രാമീണ മേഖലയെ) സമ്പൂർണ്ണ ODF ആയി പ്രഖ്യാപനം നടത്തുന്നതിനായി ചുവടെപ്പറയുന്ന തീരുമാനങ്ങൾ യോഗം കൈക്കൊണ്ടു.

1. ടോയ് ലെറ്റ് നിർമ്മാണത്തിന് ലഭിക്കാവുന്ന കേന്ദ്രവിഹിതത്തിന് ഗ്രാമപഞ്ചായത്തുകൾ പ്ലാൻ ഫണ്ട് അഡ്വാൻസ് ആയി വകയിരുത്താവുന്നതാണ്.
2. മാലിന്യ സംസ്കരണ പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള 10% പദ്ധതി വിഹിതം ആവശ്യമുള്ളവർക്ക് ODF പ്രഖ്യാപനത്തിന്റെ ഭാഗമായി ടോയ് ലെറ്റ് നിർമ്മാണത്തിന് വകയിരുത്താവുന്നതാണ്.
3. പുതുതായി രൂപീകരിച്ച 28 നഗരസഭകളിൽ പ്രത്യേകമായി സ്റ്റാഫ് വരുന്നതുവരെ പഞ്ചായത്ത് തലത്തിൽ നേരത്തെ പ്രവർത്തിച്ചിരുന്ന VEO മാർ തുടർന്നും പുതിയ നഗരസഭകളുടെ ടോയ് ലെറ്റ് നിർമ്മാണ പദ്ധതിയിൽ ചുമതല വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിർദ്ദേശം പുറപ്പെടുവിക്കേണ്ടതാണ്.
4. ODF പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തു തലത്തിൽ ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതാണ്.
5. ജില്ലാതലത്തിൽ ഡെപ്യൂട്ടി പഞ്ചായത്ത ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി എന്നിവരുടെ മീറ്റിംഗ് തുടർച്ചയായി നടത്തി പദ്ധതി അവലോകനം നടത്തേണ്ടതാണ്.
6. എല്ലാ ശനിയാഴ്ചയും ശുചിത്വമിഷന്റെ സഹായത്തോടെ പ്രിൻസിപ്പൽ സെക്രട്ടറി സംസ്ഥാന തലത്തിലുള്ള ODF പ്രവർത്തനം മോണിറ്ററിംഗ് നടത്തുന്നതാണ്.

യോഗം 4.30 പി എം ന് അവസാനിച്ചു.

**Meeting on 12.07.2016 at 3 P.M. In the Chamber of the Hon. Minister for Local Self Government Department.**

**Attendance**

1. Principal Secretary, LSGD
2. Shri. V.V. Remeshan, Chamber of Municipal Chairmen Kerala
3. Shri. Sabu K. Jacob, Secretary, Chamber of Municipal Chairmen Kerala
4. Dr. V.K. Baby, Special Secretary, LSGD
5. Shri. S. Nasarudeen
6. Shri. P.Viswanatha Panicker, Secretary, KGPA
7. Smt. Latha C.A. Director of Panchayat
8. Shri. K.P. Sabu, Joint Director
9. Shri. Jayachandran R. Team Leader, RGPSA
10. Shri. P.R. Saji Kumar, Chief Engineer, LSGD
11. Shri. K.B. Madanmohan, KGPA
12. Shri. Geethakrishnan K.I. EE, LSGD
13. Shri. R. Subhash, President Block Panchayat
14. Shri. C. Radhakrishna Kurup Joint Director, Urban Affairs
15. Shri. L.P. Chither, Director (DW), Suchithwa Mission.